38

# ദൈവത്തിന്റെ വിഭജന രേഖ

## (13:42-14:7)

സുവിശേഷത്തിൽ പരസ്പര വിശുദ്ധമെന്നു തോന്നുന്ന ഒരു വസ്തുത അതു *യോജിപ്പിക്കലും വിഭജിക്കയും* ചെയ്യും എന്നുള്ളതാണ്. ലോകം കണ്ടിട്ടുള്ളതിൽ വെച്ച് ഐക്യമരുപ്പെടുത്താൻ കഴിയുന്ന ഏറ്റവും ശക്തിയുള്ള ഒന്നാണ് സുവിശേഷം. പ്രവൃത്തികളുടെ പുസ്തകത്തെക്കുറിച്ചുള്ള പഠനത്തിൽ, നാം പാലസ്തീനിലെ യെഹൂദന്മാരേയും യവനഭാഷക്കാരായ യെഹൂദന്മാരെയും സഭയിലേക്കു ഒരുമിച്ചു ചേർക്കപ്പെട്ടു, യെഹൂദന്മാരോടും ശമര്യക്കാരോടും, യെഹൂദന്മാരോടും ജാതികളോടും ചേർക്കപ്പെട്ടു. ലോകത്തിന്റെ നാനാഭാഗത്തുള്ള വ്യത്യസ്തരായ ആളുകളെ, വിത്യസ്ത ജീവിതസ്ഥാനങ്ങളിലുള്ളവരെ, വിത്യസ്ത നിറത്തിലുള്ളവരെ – എല്ലാം യേശുവിൽ ഒന്നാക്കി.

മറ്റൊരുവിധത്തിൽ, സുവിശേഷം വിഭജിക്കുന്നു എന്നും പറയാം. ശിഷ്യത്വത്തിന്റെ അർത്ഥം, യേശു ശിഷ്യന്മാർക്കു പറഞ്ഞുകൊടുക്കുമ്പോൾ, അവൻ പറഞ്ഞു:

> ഞാൻ ഭൂമിയിൽ സമാധാനം വരുത്തുവാൻ വന്നു എന്നു നിരൂപിക്കരുതു; സമാധാനം അല്ല, വാൾ അത്രേ വരുത്തുവാൻ ഞാൻ വന്നതു. മനുഷ്യനെ തന്റെ അപ്പനോടും മക്കളെ അമ്മയോടും, മരുമകളെ അമ്മാവിയമ്മയോടും ഭേദിപ്പീപ്പാനത്രേ ഞാൻ വന്നത്, മനുഷ്യന്റെ വീട്ടുകാർ തന്നെ അവന്റെ ശത്രുക്കൾ ആകും (മത്തായി 10:34–36).

ഈ പാഠത്തിൽ, പൌലൊസിന്റേയും ബർന്നബാസിന്റേയും ഇക്കേ്യാന്യ സന്ദർശനം വായിക്കുമ്പോൾ, "പട്ടണത്തിലെ പുരുഷാരം *ഭിന്നിച്ചതായി* നാം വായിക്കുന്നു; ചിലർ യെഹൂദന്മാരോട് ചേർന്നു, വേറെ ചിലർ അപ്പൊസ്തലന്മാരോട് ചെർന്നു" (14:4; എംഫസിസ് മൈൻ). സുവിശേഷം ഭിന്നിപ്പിക്കുന്നതിന്റെ കാരണം ചിലർ *സ്വീകരിക്കയും* മറ്റു ചിലർ

*നിരസിക്കയും* ചെയ്യുന്നതുകൊണ്ടാണ്.

പൌലൊസിന്റെ ആദ്യ മിഷണറി യാത്രയുടെ മദ്ധ്യേയാണ് നാം ഇപ്പോൾ. കുപ്രൊസ് ദ്വീപിൽ പ്രസംഗിച്ച ശേഷം, പൌലൊസും ബർന്നബാസും വടക്കോട്ട് ആസ്യയിലേക്കും പിന്നെ പിസിദ്യയിലെ അന്ത്യോക്യയോളം പോയി. കഴിഞ്ഞ പാഠത്തിൽ, അന്ത്യോക്യയിലെ പള്ളിയിൽ പൗലൊസ് പ്രസംഗിച്ചതാണ് നാം പടിച്ചത്. ഈ അവതരണത്തിൽ പൌലൊസിന്റെ പ്രസംഗത്തോട് അന്ത്യോക്യയുള്ളവർ എങ്ങനെ പ്രതികരിച്ചു എന്നു കാണും, പിന്നെ ഇക്കോന്യയിലെ ആളുകളുടെ പ്രതികരണവും കാണും. നാം ഈ പഠനത്തെ "ദൈവത്തിന്റെ വിഭജനരേഖ" എന്നു വിളിക്കുന്നു. നാം ഓരോരുത്തരും, "രേഖയുടെ ഏതു വശത്താണ് ഞാൻ?" എന്നു ചോദിക്കേണ്ടതുണ്ട്.

### അന്ത്യോക്യയിലെ വിഭജനരേഖ (13:42-52)

#### തിരുമാനങ്ങൾ (വാക്യങ്ങൾ 42, 43)

അന്ത്യോക്ക്യാ പള്ളിയിലെ പൌലൊസിന്റെ പ്രസംഗത്തോട് അവിടെ ഉണ്ടായിരുന്നവരുടെ പ്രതികരണമെല്ലാം അവൻ വിചാരിച്ചതുപോലെ ആയിരുന്നു, ആദ്യം ശുശ്രൂഷ കഴിഞ്ഞപ്പോൾ, "പൌലൊസും ബർന്നബാസും പള്ളിവിട്ടു പോകുമ്പോൾ, പിറ്റെ ശബ്ബത്തിൽ ഈ വചനം ഞങ്ങളോടു പറയേണം എന്നു അവർ അപേക്ഷിച്ചു[1]" (വാക്യം 42). ഒരു ഉപദേഷ്ടാവിൽ നിന്നും അതു നോക്കുക: ഈ കാര്യം അപേക്ഷിക്കുന്നതു അസാധാരണമാണ്, "ദയവായി ഈ പ്രസംഗം അടുത്ത ശബ്ബത്തിൽ ഒന്നു കൂടെ പ്രസംഗിക്കേണം"! "പള്ളി പിരിഞ്ഞ ശേഷം യെഹൂദന്മാരിലും ദൈവ – ഭയമുള്ള യെഹൂദമതാനുസരികളിലും[2] പലർ പൌലൊസിനെയും ബർന്നബാസിനേയും അനുഗമിച്ചു, അവർ അവരോടു സംസാരിച്ചു ദൈവ കൃപയിൽ നില നിൽക്കേണ്ടതിനു അവരെ ഉത്സാഹിപ്പിച്ചു" (വാക്യം 43). ഇവർ വിശ്വസിച്ചു എന്നതിനു നാം തെളിവൊന്നും കാണുന്നില്ല,[3] "ദൈവ കൃപയിൽ നില നിലനിൽക്കേണ്ടതിനു" എന്നതു "ഇവിടെ വിശ്വസ്ത ദൈവ മകനായി, അവന്റെ കൃപയിൽ നിലനിൽക്കുക" എന്ന അർത്ഥമല്ല 14–ാം അദ്ധ്യായത്തില പൌലൊസ് പ്രസംഗിച്ചതിനെ "അവന്റെ കൃപയുടെ *വചനം*" എന്നാണ് പറഞ്ഞതു (14:3; എംഫസിസ് മൈൻ). ദൈവത്തിന്റെ കൃപയുടെ സന്ദേശത്തിനായി തുടർന്നും മനസുതുറക്കുവാനാണ് പൌലൊസും ബർന്നബാസും ഈ ജനത്തോട് ആവശ്യപ്പെട്ടത്.

പൌലൊസും ബർന്നബാസും ആഴ്ച്ച മുഴുവനും പ്രസംഗിക്കയും ഉപദേശിക്കയും ചെയ്യുന്ന തിരക്കിലായിരുന്നു എന്നു ഞാൻ കരുതുന്നു. അതുപോലെ പൌലൊസിന്റെ പ്രസംഗം കേട്ടവർ മറ്റുള്ളവരോട് അടുത്ത ശബ്ബത്തിൽ ആ പ്രസംഗം കേൾക്കുവാൻ പള്ളിയിലേക്കു വരുവാൻ പറഞ്ഞിരിക്കും എന്നു ഞാൻ കരുതുന്നു. അതിന്റെ ഫലമായി, "ദൈവത്തിന്റെ വിഭജനരേഖയുണ്ടായി" (വാക്യം 44), സുവിശേഷം സ്വീകരിക്കയോ നിഷേധിക്കുകയോ ചെയ്യാൻ ഒരുങ്ങുക!

**ഭിന്നത (വാക്യം 45-49)**

ഭിന്നത ഉടനെ സംഭവിച്ചു. ഭിന്നത ആരംഭത്തിൽ യെഹൂദന്മാരും ജാതികളും തമ്മിൽ ആയിരുന്നു; വാക്യം 45 പറയുന്ന യെഹൂദന്മാരുടെ പ്രതികരണം 48-ാം വാക്യത്തിലെ ജാതികളുടേതിനു എതിരായിരുന്നു: സമയാ സമയങ്ങളിൽ, ചില യെഹൂദന്മാർ പ്രതികരിച്ചു (14:1; 17:11) തീർച്ചയായും പൌലൊസിനെ കേട്ട ജാതികൾ എല്ലാം സുവിശേഷം അനുസരിച്ചില്ല. ഒരു നിയമം ആയി, എങ്ങനെയായാലും, യെഹൂദന്മാർ സ്വീകരിക്കാത്തവരുടെ വശത്തും ജാതികൾ സ്വീകരിക്കുന്നവരുടെ വശത്തുമായിരുന്നു.

സ്വീകരിക്കാത്തവരുടെ വശത്തുള്ളവരുടെ ചില സ്വഭാവങ്ങൾ നമുക്കു നോക്കാം: "യെഹൂദന്മാരോ പരുഷാരത്തെ കണ്ടു, *അസൂയ നിറഞ്ഞവരായി*" (വാക്യം 45; എംഫസിസ് മൈൻ). യെഹൂദന്മാർ സുവിശേഷമറിയിക്കുന്നവരായിരുന്നു. (മത്തായി 23:15), എന്നാൽ പട്ടണം മുഴുവൻ മോശെയുടെ ന്യായ പ്രമാണം കേൾക്കുവാനുള്ള ആവേശം ഉള്ളവരായിരുന്നില്ല. പൌലൊസും ബർന്നബാസും സംസാരിക്കുവാൻ വന്നപ്പോൾ "ഏതാണ്ട് പട്ടണം മുഴുവനും ഉള്ള ആളുകൾ കേൾക്കുവാൻ കൂടി വന്നിരുന്നു." ഇതു കണ്ട അവർ അസൂയ നിറഞ്ഞവരായി.[4] കുറച്ചു സമയത്തേക്കു പൌലൊസിനേയും ബർന്നബാസിനേയും സംസാരിക്കുവാൻ അവർ അനുവദിച്ചു;[5] അതുകൊണ്ട് "അവർ വചനത്തെ എതിർത്തു പിന്നെ അവർ പൌലൊസിനെയും ബർന്നബാസിനേയും എതിർക്കുകയും ദുഷിക്കയും ചെയ്തു" (13:45). ഒരു പക്ഷേ, അവർ യേശുവിനെ ദുഷിച്ചു സംസാരിച്ചിരിക്കാം. മൂല ഭാഷ സൂചിപ്പിക്കുന്നതു അവർ കുറെ സമയത്തേക്കു ഉപദേഷ്ടാക്കന്മാരെ ബുദ്ധിമുട്ടി കൊണ്ടിരുന്നു എന്നാണ്.

പൌലൊസിനും ബർന്നബാസിനും അവരുടെ പ്രസംഗങ്ങൾ പൂർത്തിയാക്കുവാൻ അവരെ സമ്മതിച്ചില്ല എന്നു വ്യക്തം. "അപ്പൊൾ പൌലൊസും ബർന്നബാസും ധൈര്യം പൂണ്ടു. ദൈവ വചനം ആദ്യം നിങ്ങളോട് പറയുന്നതു ആവശ്യമായിരുന്നു എന്നു പറഞ്ഞു" (വാക്യം 46). ദൈവ പദ്ധതിയനുസരിച്ചു, "സുവിശേഷം ആദ്യം യെഹൂദനോടും പിന്നെ യവനനോടും പറയേണ്ടതാകുന്നു" (റോമർ 1:16). സുവിശേഷം ആദ്യം യെഹൂദന്മാർ കേൾക്കേണ്ടതിനു പല കാരണങ്ങൾ ഉണ്ട്: കഴിഞ്ഞ കാലത്തിൽ അവർ ദൈവത്തിന്റെ പ്രത്യേക ജനമായിരുന്നു; മശിഹയുടെ ആവിർഭാവത്തിനു ദൈവം അവരെ ഒരുക്കി, അതുകൊണ്ട് അവർ തന്നെയാണ് സുവിശേഷം സ്വീകരിക്കാൻ യോഗ്യർ[6] 47-ാം വാക്യം ഇതിനു പുറമെ മറ്റൊരു കാരണം പറയുന്നു: "നീ ഭൂമിയുടെ അറ്റത്തോളം രക്ഷ ആകേണ്ടതിനു ഞാൻ നിന്നെ 'ജാതികളുടെ വെളിച്ചമാക്കി വെച്ചിരിക്കുന്നു എന്നു കർത്താവു ഞങ്ങളോട് കൽപ്പിച്ചിരിക്കുന്നു'" "ഞങ്ങളോട്" എന്നതു പൌലൊസിനേയും ബർന്നബാസിനെയും കുറിച്ചാണെന്നു ഒറ്റ നോട്ടത്തിൽ തോന്നിപ്പോകും,[7] എന്നാൽ നാം പഴയ നിയമ ഉദ്ധരണി നോക്കിയാൽ (യെശയ്യാവ് 49:6), ദൈവം യെഹൂദ ജനത്തോടാണ് സംസാരിച്ചതൊന്നു കാണാം. സ്പഷ്ടമായും, സുവിശേഷം ആദ്യം യെഹൂദന്മാരിൽ എത്തിയത് ആദ്യം അവർ സ്വീകരിക്കയും പിന്നെ

ജാതികളിലേക്കു എത്തിക്കുവാനുമായിരുന്നു. ദൈവം ഇതെല്ലാം ചെയ്തിട്ടും, ഒരു ദേശമായി, സുവിശേഷം യെഹൂദന്മാർ നിഷേധിച്ചപ്പോൾ, ദൈവ ഹൃദയത്തിൽ എത്രമാത്രം ദു:ഖം ഉണ്ടായി കാണും![8]

വേദനയോടെ പൌലൊസും ബർന്നബാസും യെഹൂദന്മാരോടു പറഞ്ഞു, "എന്നാൽ നിങ്ങൾ അതിനെ[9] [സുവിശേഷത്തെ], തള്ളി നിങ്ങളെത്തന്നെ നിത്യജീവന്നു അയോഗ്യർ എന്നു വിളിച്ചു കളയുന്നതിനാൽ, *ഇതാ ഞങ്ങൾ ജാതികളിലേക്കു തിരിയുന്നു*" (വാക്യം 46; എംഫസിസ് മൈൻ). "ഞങ്ങൾ ജാതികളേക്കു തിരിയുന്നു" എന്നു ജാതികളുടെ മുഖത്തു അടിക്കുന്നതുപോലെയായിരുന്നു.

"നിങ്ങളെത്തന്നെ നിത്യജീവന്നു അയേഗ്യർ എന്നു വിധിച്ചു" എന്ന പദപ്രയോഗം നിങ്ങളുടെ മനസിൽ അടുത്ത വാക്യത്തിൽ നാം വായിക്കുന്നതു "നിത്യജീവനായി നിയമിക്കപ്പെട്ടവർ എല്ലാവരും വിശ്വസിച്ചു" എന്നാണ് (വാക്യം 48). മനുഷ്യന്റെ പ്രതികരണത്തിനപ്പുറമായി, അല്ലെങ്കിൽ പ്രതികരണം കൂടാതെ ദൈവം ഏകപതീയമായി ആർ രക്ഷിക്കപ്പെടും, ആർ നഷ്ടപ്പെടും എന്നു വിധിക്കും എന്നു ചിലർ ഈ വാക്യം എടുത്തു പറയാൻ ശ്രമിക്കുന്നത്. അന്ത്യോക്യയിലെ യെഹൂദന്മാരെ നിത്യജീവനു അയെഗ്യരാക്കിയതു *ദൈവം* ആയിരുന്നില്ല; *അവർ* സുവിശേഷത്തെ നിരസിച്ചു (തള്ളിക്കളഞ്ഞു) തങ്ങളെതന്നെ നിത്യ ജീവനു അയോഗ്യരാക്കി!

"ഇതാ, ഞങ്ങൾ ജാതികളിലേക്കു തിരിയുന്നു" എന്ന പദപ്രയോഗം, പൌലൊസിന്റെയും ബർന്നബാസിന്റെയും ലിസ്റ്റിൽ നിന്നു യെഹൂദന്മാരെ എല്ലാം നീക്കി എന്നർത്ഥമില്ല. അടുത്ത പട്ടണത്തിൽ, അവർ ആദ്യം ചെയ്തതു പള്ളിയിൽ പോയി പ്രസംഗിക്കയായിരുന്നു (14:1). ആ വാക്കുകൾ അർത്ഥമാക്കുന്നതു ഉപദേഷ്ടാക്കന്മാർ പള്ളിയിൽ വീണ്ടും വരികയില്ല, അവരുടെ പരിശ്രമങ്ങൾ സ്വീകരിക്കുന്ന ജാതികൾക്കിടയിൽ ആയിരിക്കും. "യെഹൂദന്മാർ ജാതികളെ കത്തിച്ചു കളയാവുന്ന കുപ്പയായിട്ടാണ് കണ്ടത്; യേശു കണ്ടതു ദൈവത്തിനു കൊയ്തെടുക്കേണ്ട വിളവായിട്ടാണ്."[10]

ഇനി നമുക്കു സ്വീകരിക്കുന്നവരുടെ വശത്തുള്ള ചില സ്വഭാവ വിശേഷങ്ങൾ നോക്കാം: "ജാതികൾ ഇതു കേട്ടു സന്തോഷിച്ചു ദൈവ വചനത്തെ മഹത്വപ്പെടുത്തി" (13:48). യെഹൂദന്മാർക്കു അസൂയയായിരുന്നെങ്കിൽ ജാതികൾക്കു സന്തോഷമായിരുന്നു. യെഹൂദന്മാർ വചനത്തെ എതിർത്തപ്പോൾ ജാതികൾ ദൈവത്തെ മഹത്വപ്പെടുത്തി. യെഹൂദന്മാർ വാസ്തവത്തിൽ വിശ്വസിച്ചില്ല (14:2), ജാതികൾ വിശ്വസിച്ചു. യെഹൂദന്മാർ തങ്ങളെതന്നെ നിത്യജീവനു അയോഗ്യരാക്കി, എന്നാൽ ജാതികൾ "നിത്യ ജീവനായി നിയമിക്കപ്പെടിരുന്നു." "നിയമിച്ചു" എന്നതിന്റെ ഗ്രീക്കു വാക്ക് "മനസ്സുള്ളവർ"[11] എന്നും തർജ്ജിമ ചെയ്യാം ലിവിങ്ങ് ബൈബിൾ പറയുന്നു "നിത്യജീവൻ ആഗ്രഹിച്ചവരെല്ലാം വിശ്വസിച്ചു" എന്നാണ്. യെഹൂദന്മാർ ആത്മീയ മരണത്തിനു മനസുള്ളവരായി, എന്നാൽ ജാതികൾ നിത്യജീവനു മനസ്സുള്ളവരായി!

പൌലൊസിന്റെയും ബർന്നബാസിന്റേയും പരിശ്രമങ്ങൾ ഫലം

കാണാൻ തുടങ്ങി! സഭ ഉറപ്പോടെ സ്വീകരിക്കപ്പെട്ടു (14:21–23), "കർത്താവിന്റെ വചനം ആ നാട്ടിൽ എങ്ങും വ്യാപിച്ചു" (13:49).

**അപകടം (വാക്യം 50-52)**

സ്വീകരിക്കാത്ത യെഹൂദന്മാർ മിഷണറിമാരെ ഒരുക്കി നിശബ്ദരാക്കാൻ നോക്കി; ഇപ്പോൾ അവർ നിയമനടപടികൾ തുടങ്ങി. "യെഹൂദന്മാരോ ഭക്തിയുള്ള മറ്റു സ്ത്രീകളെയും പട്ടണത്തിലെ പ്രവാസികളെയും ഇളക്കി" (വാക്യം 50). "ഭക്തിയുള്ള [റോമാ] സ്ത്രീകൾ മാന്യതയുള്ളവരായിരുന്നതു" അസാധാരണമായിരുന്നില്ല. അവർ യെഹൂദ പള്ളിയിൽ സംബന്ധിച്ചിരുന്നു, കാരണം യെഹൂദന്മാർ ധാർമ്മിക തത്വങ്ങൾ പഠിപ്പിച്ചിരുന്നു, എന്നാൽ റോമൻ ധാർമ്മികത്വം ജീർണ്ണിച്ചു കൊണ്ടാണിരുന്നത്. യെഹൂദന്മാർ "ഭക്തിയുള്ള മാന്യസ്ത്രീകളെ ഇളക്കി" ഭോഷ്ണത്തിനായി – അവർ മുഖേന, അവരുടെ ഭർത്താക്കന്മാരേയും ഇളക്കി (അവർ പട്ടണത്തലെ "മറ്റു പുരുഷന്മാരെയും കൂട്ടിക്കാണും").[12] ഒരു പക്ഷെ യെഹൂദന്മാർ ഭൗതിക ഭരണാധികാരികളെ ക്രിസ്ത്യാനിത്വം നിയമരഹിതമാണെന്നു ബോധ്യപ്പെടുത്തി നിർത്തലാക്കാൻ ആവശ്യപ്പെട്ടിരിക്കാം.[13] എങ്ങനെയായാലും, യെഹൂദന്മാർ ഭരണാധികാരകളെയും കൂട്ടു പിടിച്ചു, "പൌലൊസിന്റെയും ബർന്നബാസിന്റേയും നേരെ ഉപദ്രവം ഉണ്ടാക്കി അവരെ തങ്ങളുടെ അതിരുകളിൽ നിന്നു പുറത്താക്കി" (വാക്യം 50). ഉപദേഷ്ക്കന്മാർ ഒരു പക്ഷേ ആയുധധാരികളായെ സേവകരുടെ അകമ്പടിയോടെയായിരിക്കണം അതിരു കടത്തപ്പെട്ടത്.

പൌലൊസും ബർന്നബാസും കിഴക്കോട്ട് യാത്ര തുടങ്ങുന്നതിനു മുൻപ്, ഒരു അസാധാരണ ആചാരത്തിനായി അവർ നിന്നു: അവർ തങ്ങളുടെ കാലിലെ ചെരിപ്പ് ഊരി പൊടി തട്ടി. വാക്യം 51 പറയുന്നു, "അവർ തങ്ങളുടെ കാലിലെ പൊടി അവരുടെ നേരെ തട്ടി കളഞ്ഞു" (മത്തായി 10:14; മർക്കൊസ് 6:11; ലൂക്കൊസ് 9:5). യെഹൂദന്മാർക്കു ഈ ആചാരം പരിചയമുണ്ടായിരുന്നു, അവർ സ്വയം ഇതു ചെയ്തിരുന്നതാണ്. യെഹൂദന്മാർ ജാതികളെ അത്ര വെറുത്തിരുന്നു (അവർ അവരെ "പുറജാതിക്കാർ" എന്നാണ് വിളിച്ചിരുന്നത്) ജാതികളുടെ ദേശത്തു കൂടെ സഞ്ചരിച്ചു മടങ്ങി അവരുടെ വീടുകളിൽ പ്രവേശിക്കുന്നതിനു മുൻപ് ചെരുപ്പുകൾ മാറ്റി "ജാതികളുടെ പൊടി" തട്ടിക്കളയുമായിരുന്നു. പൌലൊസും ബർന്നബാസും അന്ത്യോക്യയിലെ യെഹൂദന്മാരാണ് പറഞ്ഞതു ദൈവത്തെ സംബന്ധിച്ചിടത്തോളം, *അവർ* ഇപ്പോൾ "പുറജാതിക്കാരാണ്" കാരണം *അവർ* ദൈവസന്ദേശം നഷേധിച്ചതിൽ, ദൈവം അവരെ തള്ളിക്കളഞ്ഞിരുന്നു!

തങ്ങളുടെ അദ്ധ്യക്ഷന്മാരെ പുറത്താക്കിയതിനെ അന്ത്യോക്യയിലെ പുതിയ ക്രിസ്ത്യാനികൾ എങ്ങനെ പ്രതികരിച്ചു എന്ന് വാക്യം 52 പറയുന്നു. ആ വാക്യം ഇങ്ങനെ പറയുമെന്നായിരിക്കാം നാം പ്രതീക്ഷിക്കുന്നത് "ശിഷ്യന്മാർ ഭയവിന്ഭലരായും അനിശ്ചിതത്വത്തിലും ആയി"; എന്നാൽ പകരം, സന്ദേശം വായിക്കുന്നു, "ശിഷ്യന്മാർ സന്തോഷവും പരിഷശുദ്ധാത്മാവും നിറഞ്ഞവരായി തീർന്നു" എന്നാണ്.[14] പിസി

ദ്യയിലെ അന്തോക്യയിൽ ശക്തവും നൈസർഗ്ഗീക കഴിവു മുള്ള ഒരു ഇടവകയെ വിട്ടിട്ടാണ് പൌലൊസും ബർന്നബാസും പോയതു.

### ഇക്കോന്യയിലെ വിഭജനരേഖ (14:1-7)

ഒരു സ്ഥലത്തു തനിക്കു പ്രസംഗിക്കാൻ പറ്റാതെ വന്നപ്പോൾ, അവർ വിട്ടു കളഞ്ഞില്ല; അവർ അപ്പോൾ വേറെ സ്ഥലത്തേക്കു പോയി. അവനും ബർന്നബാസും തൊണ്ണൂറു മൈൽ കിഴക്കോട്ടു സഞ്ചരിച്ചു, ഒരു വിശാലമായ സമതല പ്രദേശം കഴിഞ്ഞ് പർവ്വത നിരകളും കയറി, പുരാതന പട്ടണമായ ഇക്കോന്യയിൽ എത്തി[15] (13:51). ഇക്കോന്യക്കുറുക്കു വഴികളും കാർഷിക മേഖലകളും നിറഞ്ഞതായിരുന്നു. ആസ്യയിലെ വലുതും ഏറ്റവും പ്രാധാന്യമുള്ളതുമായ ഒരു പട്ടണമായിരുന്നു ഇതു.

**തിരുമാനങ്ങൾ (വാക്യങ്ങൾ 1-3)**

പൌലൊസിന്റെയും ബർന്നബാസിന്റെയും പ്രവർത്തനത്തിനു ഒരു മാതൃക അവർ അന്ത്യോക്യയിൽ വെച്ചിരുന്നു: "ഇക്കോന്യയിൽ അവർ ഒരുമിച്ചു യെഹൂദന്മാരുടെ പള്ളിയിൽ ചെന്നു" (14:1). ദൈവം അവരുടെ പരിശ്രമത്തെ വിജയിപ്പിച്ചു: അവർ "യെഹൂദന്മാരിലും യവനന്മാരിലും വലിയോരു പുരുഷാരം വിശ്വസിപ്പാൻ തക്കവണ്ണം സംസാരിച്ചു"[16] (വക്യം 1) "വലിയോരു പുരുഷാരം" എന്നതിൽ യെഹൂദന്മാരേക്കാൾ കൂടുതൽ ജാതികൾ ആയിരുന്നു എന്നു ഊഹിക്കുന്നതിൽ തെറ്റില്ല.

എതിർക്കാതെ സുവിശേഷം വിജയിക്കുന്നതിനു സാത്താൻ അനുവദിക്കയില്ല. വീണ്ടും യെഹൂദന്മാർ എതിർക്കാൻ തുടങ്ങി. "വിശ്വസിക്കാതെ യെഹൂദന്മാരോ ജാതികളുടെ മനസ്സു സഹോദരന്മാരുടെ നേരെ ഇളക്കി ['അവരുടെ മനസുകൾ വിഷ മലിനമാക്ക'; എൻഐവി]" (വാക്യം 2). ആളുകൾ സത്യം അറിയിക്കാൻ സാത്താൻ എന്തു അസത്യവും പ്രചരിപ്പിക്കാൻ മടിക്കയില്ല.

2–ാം വാക്യത്തിലെ "വിശ്വസിക്കാത്ത" എന്ന വാക്ക് ഒരു നിമിഷം നമുക്കു നോക്കാം; "വിശ്വസിക്കാത്ത" എന്നതിന്റെ ഗ്രീക്കു തർജ്ജിമ സുവിശേഷം അനുസരിക്കയോ നിഷേധിക്കയോ എന്നതിനെ കുറിച്ചു പ്രധാനപ്പെട്ട ഒരു പാഠം പഠിപ്പിക്കുന്നുണ്ട്. 1–ാം വാക്യത്തിലെ "വിശ്വസിച്ചു" എന്ന വാക്കിനു നേരെ എതിരാണ് "വിശ്വസിക്കാതെ" എന്ന വാക്ക്: ചിലർ "വിശ്വസിച്ചു" മറ്റുള്ളവർ "അവിശ്വസിച്ചു" എങ്ങനെയായാലും, "വിശ്വസിക്കാത്ത" എന്നതിനെ ഗ്രീക്കു തർജ്ജിമ (*അപ്പെയിതെയോ* എന്നതിന്റെ മൂല വാക്കിൽ നിന്നാണ്). അക്ഷരിക അർത്ഥം "*അനുസരിച്ചില്ല*"[17] എന്നാണ് യോഹന്നാൻ 3:36–ൽ എൻഎ എസ് ബിയിൽ അങ്ങനെയാണ് തർജ്ജിമ.[18] ചുരുക്കം തർജ്ജിമകളിൽ എ എസ് വിയിൽ 14:2 അക്ഷരികമായി തർജ്ജിമ ചെയ്തിരിക്കുന്നു: "*എന്നാൽ വിശ്വസിക്കാതിരുന്ന* യെഹൂദന്മാർ ജാതികളുടെ ആത്മാക്കളെ ഇളക്കി ..." (എംഫസിസ് മൈൻ). ദൈവത്തിന്റെ വിഭജന രേഖയുടെ രണ്ടു മുഖ്യ അന്തരങ്ങൾ കാണാം: ഒരു വശത്ത് അനുസരിച്ചവരും; മറുവശത്ത് അനുസരിക്കാതിരുന്നവരും.

നമ്മുടെ ഉപദേശത്തെ എതിർക്കുമ്പോൾ തമ്മിൽ പലരും, മറ്റെവിടെയെങ്കിലും പോകാൻ ഒരുങ്ങും. "ദൈവം സ്പഷ്ടമായും നാം അവിടെ ആയിരിക്കാൻ ആഗ്രഹിക്കുന്നില്ല" എന്നു പറഞ്ഞു കരയും. ബർന്നബാസിനും പൌലൊസിനും എങ്ങനെയായാലും, വലിയ എതിർപ്പ് വലിയോരു കൂട്ടം ആത്മാക്കളുടെ കൊയ്ത്തിന്റെ സൂചനയായിരുന്നു, അവർ തുടർന്നു വിത്തു വിതച്ചുകൊണ്ടിരുന്നാൽ അവർക്കു ആ വിളവെടുപ്പു നടത്താം (1 കൊരിന്ത്യർ 16:9 ശ്രദ്ധിക്കുക). "എന്നാൽ അവർ വളരെക്കാലം അവിടെ പാർത്തു,[19] കർത്താവിൽ ആശ്രയിച്ചു പ്രാഗത്ഭ്യത്തോടെ പ്രസംഗിച്ചു കൊണ്ടിരുന്നു. അവൻ തന്റെ കൃപയുടെ വചനത്തിനു സാക്ഷി നിന്നു, അവരുടെ കയ്യാൽ അടയാളങ്ങളും അത്ഭുതങ്ങളും ഉണ്ടാകുവാൻ വരംനൽകി" (വാക്യം 3; എബ്രായർ 2:4 ഉം നോക്കുക).

**ഭിന്നത (വാക്യം 4)**

ഒരിക്കൽ കൂടെ, സുവിശേഷ പ്രസംഗം ആളുകളെ വിഭജിച്ചു: "പട്ടണത്തിലെ പുരുഷാരം രണ്ടായി; ചിലർ യെഹൂദന്മാരുടെ പക്ഷം ചേരുകയും ചിലർ അപ്പൊസ്തലന്മാരോട് [മിഷണറിമാർ] ചേർന്നു"[20] (വാക്യം 4). സുവിശേഷം തള്ളിക്കളഞ്ഞവരുടെ പക്ഷത്തായി ചിലർ: അവിശ്വാസികൾ, അനുസരിക്കാത്തവർ. വേറെ ചിലർ സ്വീകരിച്ചവരുടെ കൂടെ ചേർന്നു: വിശ്വാസിച്ചവർ, അനുസരിച്ചവർ.

**അപകടം (വാക്യം 5-7)**

വീണ്ടും, അവിശ്വാസികൾ ദൈവത്തിന്റെ വക്താക്കളെ നിശബ്ദമാക്കാൻ ശ്രമിച്ചു: "അവരെ ... അപമാനിപ്പാനും കല്ലെറിവാനും, ജാതികളും യെഹൂദന്മാരും അവിടത്തെ പ്രമാണികളോടു കൂടി ഒരു അക്രമം ഭാവിച്ചപ്പോൾ" (വാക്യം 5). യെഹൂദന്മാരുടെ ശിക്ഷാ സമ്പ്രദായമായിരുന്നു കല്ലെറിയൽ, അതുകൊണ്ട് "പ്രമാണിമാർ" എന്നു പറഞ്ഞിരിക്കുന്നതു ഒരു പക്ഷേ പള്ളിപ്രമാണിമാർ ആയിരിക്കാം എന്നാൽ അവർ പട്ടണത്തിന്റെ അധികാരികളെ ഭയപ്പെട്ടിരുന്നില്ല എന്നതാണ് വസ്തുത. പൌലൊസും ബർന്നബാസും അന്ത്യോക്യയിൽ നിന്നു പോയപ്പോൾ, അവർ സഞ്ചരിച്ചു റോമൻ ഭരണപരിധിയിൽ – നിന്നും ദൂരെ അപകടകരമായ, പ്രവാസ പ്രദേശങ്ങളിലെത്തി.

മുൻപത്തെപോലെ, ദൈവ കരുണയാൽ, ജനക്കൂട്ടത്തിന്റെ ഹിതം പൌലൊസ് മനസ്സിലാക്കി. അവനും ബർന്നബാസും "അതു ഗ്രഹിച്ചു ലുസ്ത്ര, ദർബ്ബാ എന്ന ലുക്കവോനു[21] പട്ടണങ്ങളിലേക്കു പോയി" (വാക്യം 6; മത്തായി 10:23). ആവശ്യമെങ്കിൽ കഷ്ടപ്പെടുവാനും അവർ തയ്യാറായി, പക്ഷെ അവർ മരിക്കാൻ ആഗ്രഹിച്ചില്ല. കർത്താവിന്റെ ജനമായ ഒരു ഇടവകയായ ഇക്കോന്യയിൽ വിട്ടിട്ടാണ് അവർ പോയത് (വാക്യങ്ങൾ 21–23) – പിന്നെ തെക്കോട്ട് സഞ്ചരിച്ചു ലുസ്ത്രയിൽ സുവിശേഷം പ്രസംഗിച്ചു (വാക്യം 7).

### ഉപസംഹാരം

ലുസ്ത്രയിലെ സംഭവം നമുക്കു അടുത്ത പാഠത്തിൽ പഠിക്കാം. ഇപ്പോൾ, ദൈവത്തിന്റെ വിഭജനരേഖ അവസാനമായി ഒന്നു നോക്കാം. അന്ത്യോക്യയിലേയും ഇക്കോന്യയിലേയും പൌലൊസിന്റെ കേൾവിക്കാർ നിന്നതുപോലെയാണ് നിങ്ങളും ഞാനും നിൽക്കുന്നത്. നാം സുവിശേഷം കേൾക്കുമ്പോൾ, അതു സ്വീകരിക്കുവാനോ നിഷേധിക്കുവാനോ നമുക്കവകാശമുണ്ട്; നാം നമ്മെ വിഭജനരേഖയുടെ ഏതെങ്കിലും ഒരു വശത്തു നിർത്തും. നാം അങ്ങനെ ചെയ്യുമ്പോൾ, ആ പ്രവൃത്തിയുടെ അന്തര ഫലത്തെക്കുറിച്ചു മനസിലാക്കണം. ഒരിക്കൽ കർത്താവു വീണ്ടും വരും, ഈ രംഗം യാഥാർത്ഥ്യമാകയും ചെയ്യും:

> “സകല ജാതികളെയും അവന്റെ മുമ്പിൽ കൂട്ടും; അവൻ അവരെ ഇടയൻ ചെമ്മരിയാടുകളെയും കോലാടുകളെയും തമ്മിൽ വേർതിരിക്കുന്നതുപോലെ വേർതിരിച്ചു; ചെമ്മരിയാടുകളെ തന്റെ വലത്തും, കോലാടുകളെ തന്റെ ഇടത്തും നിർത്തും” (മത്തായി 25:32, 33).

*അവസാനത്തെ* വേർപിരിക്കലായിരിക്കും അത് – മാറാത്തതും മാറ്റാൻ കഴിയാത്തതും! ഇന്നു നാം എവിടെ നിൽക്കുന്നു എന്നതനുസരിച്ചായിരിക്കും നാം അന്ന് അവിടെ നിൽക്കുന്നത് നാം ഇപ്പോൾ സുവിശേഷം അനുസരിച്ചാൽ, ദൈവം നമ്മെ സ്വീകരിക്കും; നാം സുവിശേഷത്തെ തള്ളിക്കളഞ്ഞാൽ, ദൈവം നമ്മെയും തള്ളിക്കളയും!

---

### ദൃശ്യ - സഹായക്കുറിപ്പുകൾ

---

അന്ത്യോക്യയിലെയും ഇക്കോന്യയിലെയും ആളുകൾ സുവിശേഷത്താൽ എങ്ങനെ വേർതിരിക്കപ്പെട്ടു എന്നു കാണുവാൻ താഴെ കൊടുത്തിരിക്കുന്ന ചാർട്ട് സഹായിക്കും. ഈ ചാർട്ട് ഒരു ബോർഡിൽ എഴുതുകയോ, വലിയൊരു കാർഡ്ബോർഡിൽ അച്ചടിക്കയോ ചെയ്തു, ഒരു പ്രൊജെക്ടറിൽ കാണിക്കാവുന്നതാണ്.

**ദൈവത്തിന്റെ വിഭജനരേഖ**

| **യെഹൂദന്മാരിൽ അധികവും** | | | **ജാതികൾ അനേകർ** |
|---|---|---|---|
| അസൂയപ്പെട്ടു | **നിഷേധിക്കൽ** | **സ്വീകരിക്കൽ** | സന്തോഷിച്ചു |
| വചനത്തെ എതിർത്തു | | | വചനത്തിൽ സന്തോഷിച്ചു |
| മരണത്തിലേക്കു നീങ്ങി | | | ജീവങ്കലേക്കു നീങ്ങി |
| അവിശ്വസിച്ചു | | | വിശ്വസിച്ചു |
| അനുസരിക്കാതിരുന്നു | | | അനുസരിച്ചു |
| *ദൈവത്താൽ തള്ളിക്കളയപ്പെട്ടു* | | | *ദൈവത്താൽ സ്വീകരിക്ക* |

**സുവിശേഷം**

## പ്രസംഗക്കുറിപ്പുകൾ

13:44–52 വരെയുള്ള സി.ബ്രൂസ് വൈറ്റിന്റെ വിഭജനം ഇങ്ങനെയാണ്: (1) ശത്രുക്കൾ അസൂയയുള്ളവരാണ് (വാക്യങ്ങൾ 45–47), (2) സത്യത്തെ - അന്വേഷിക്കുന്നവരെ പഠിപ്പിക്കുന്നു (48–50), (3) ദൈവത്തെ മഹത്വപ്പെടുത്തുന്നു (വാക്യങ്ങൾ 51, 52). 14:1–7 വരെയുള്ള വേദഭാഗങ്ങളെ കുറിച്ചുള്ള അദ്ദേഹത്തിന്റെ പാഠം ഇങ്ങനെ വിഭജിച്ചിരിക്കുന്നു: (1) പ്രതികരിക്കുന്ന സദസ്സ് (വാക്യം 1), (2) മത്സരമുള്ള പ്രതികരണം (വാക്യങ്ങൾ 2–5), (3) പുസ്തകത്തിന്റെ പങ്ക് (വാക്യങ്ങൾ 6, 7).

---

കുറിപ്പുകൾ

[1]അവർ പൗലൊസിനോടും ബർന്നബാസിനോടുംഅപേക്ഷിക്കുകയായിരുന്നേക്കാം; അവർ പള്ളി പ്രമാണിമാരേയും പൗലൊസിനേയും ബർന്നബാസിനേയും അടുത്ത ശബ്ബത്തിൽ പ്രസംഗിക്കേണ്ടതിന് അപേക്ഷിച്ചിരിക്കാം. [2]"ബ്രോക്കൺ അപ്" എന്ന വാക്കുകളെ ചിലർ പൗലൊസിന്റെ പ്രസംഗത്തിൻ മേൽ പള്ളി പ്രമാണിമാർ പരിഭ്രാന്തരായതു കൊണ്ട് പെട്ടെന്ന് പിരിച്ചു വിട്ടതാകാം. പൊലൊസിനേയും ബർന്നബാസിനേയും അടുത്ത ആഴ്ച്ചയിൽ മടങ്ങി വരുവാൻ അനുവധിച്ചത് കൊണ്ട് ഇത് ശരിയാകാൻ ഇടയില്ല. [3]വിശ്വാസം (വിശ്വസിക്കൽ) 48-ാം വാക്യം വരെ പറയുന്നില്ല. [4]യെഹൂദന്മാരുടെ അസന്തുഷ്ടിക്ക് മറ്റൊരു കാരണം അവർ ഇരുന്നിരുന്ന പീഠങ്ങളിൽ ജാതികളായവർ ഇരുന്നതു കൊണ്ടാണെന്നും പറയപ്പെടുന്നു! [5]വാക്യം 46 സൂചിപ്പിക്കുന്നത് പൗലൊസും ബർന്നബാസും സംസാരിക്കയായിരുന്നു. പുരുഷാരം തിങ്ങികൂടിയതു കൊണ്ട്, ഒരാൾ പള്ളിക്കകത്തും മറ്റൊരാൾ പുറത്തുള്ളവരോടും സംസാരിച്ചിരിക്കയാണ്. അവരുടെ പാഠം ഒരു പക്ഷെ കഴിഞ്ഞ ശബ്ബത്തിൽ പ്രസംഗിച്ചതിന്റെ വിപുലീകരണം ആയേക്കാം. [6]വ്യക്തിപരമായ നിലയിൽ, പൗലൊസിന് "ആദ്യം യെഹൂദന്മരോട്," സംസാരിക്കുവാൻ ഇഷ്ട്ടമായിരുന്നു കാരണം തന്റെ ജനത്തോട് അവന് മനസ്സലിവ് ഉണ്ടായിരുന്നു (റോമർ 9:1–5; 10:1–3). [7]ഈ വാക്കുകൾ പൗലൊസിനേയും ബർന്നബാസിനേയും സൂചിപ്പിക്കുന്നു (പൗലൊസിനോടുള്ള പ്രവൃത്തികൾ 26:16–18 ലെ യേശുവിന്റെ വാക്കുകൾ നോക്കുക), അവരെ മാത്രം അല്ലതാനും. ഈ അടിസ്ഥാന വാക്കുകൾ ലൂക്കൊസ് 2:29–32 ലെ യേശുവിനെ ബാധിക്കുന്നതാണ് കാരണം യേശു ദൈവം - നൽകിയതായ വെല്ലുവിളികൾ നിറവേറ്റിയത് മുമ്പ് യഹൂദന്മാർ കണ്ടില്ല. [8]ചില യെഹൂദന്മാർ (ഉദാഹരണമായി അപ്പൊസ്തലൻമാർ) യേശുവിനെ സ്വീകരിച്ചു, ഒരു ദേശമായി യെഹൂദന്മാർ അവനെ തള്ളിക്കളഞ്ഞു (യോഹന്നാൻ 1:11). [9]അക്ഷരികമായി, പുസ്തകത്തിൽ "നിങ്ങൾ നീക്കി കളഞ്ഞതു കൊണ്ട്" എന്നാണ്. [10]ലേഖകൻ അജ്ഞാതം വില്ല്യം ബാർക്കലെ *ദി ആക്ട്സ് ഓഫ് ദി അപ്പൊസ്തൽസ്*, ദി ഡെയ്‌ലി ബൈബിൾ സ്റ്റഡീസ് സീരീസ്, റവ, ഇ ഡി. (ഫിലദെൽഫിയ: വെസ്റ്റ് മിനിസ്റ്റർ പ്രസ്, 1976), 107.

[11]ഈ പ്രയോഗം "വിശ്വസിച്ചവർ എല്ലാം നിത്യ ജീവന് നിയമിക്കപ്പെട്ടവർ ആയിരുന്നു" എന്നും തർജ്ജിമ ചെയ്യാം. ഈ ഭാഗത്തിൻമേലുള്ള വിശദ ചർച്ചകൾക്ക്, ജെ ഡബ്ളിയൂ മെഗ് ഗാർവെ, *ന്യൂ കമന്റെറി ഓൺ ആക്സ് ഓഫ് ദി അപ്പൊസ്തലൻസ്*, വാല്യം 2 (ഡിലൈറ്റ്, ആർക്ക്.: ഗോസ്പൽ ലൈറ്റ് പബ്ലിഷിങ്ങ് കമ്പനി, എൻ. ഡി), 29-33. [12]സ്ത്രീകളുടെ സ്വാധീനതയിൽ ശക്തിയെയും കുറിച്ച ലൂക്കൊസിന് കൂടുതൽ ക്രിയാത്മകവും, നിഷേധവുമായി പറയാൻ ഉണ്ടായിരുന്നു. [13]യെഹൂദ മതം നിയമപരമായ ഒന്നായിരുന്നു, എന്നാൽ ക്രിസ്ത്യാനിത്വത്തെ റോം അങ്ങനെ നിയമപരമെന്നോ അല്ലെന്നോ പറഞ്ഞില്ല. [14]നേതൃത്വത്തിന് സഹായകരമാകുവാൻ പൗലൊസ് ക്രിസ്ത്യാനികളുടെ മേൽ കൈവെയ്ക്കുന്ന പരിശീലന മാകകൊണ്ട്, "പരിശുദ്ധാത്മ ... നിറവുള്ളവരായി" അത്ഭുതവും നടത്തി. ഈ സന്ദർഭത്തിൽ, എങ്ങനെയായാലും, അർത്ഥമാക്കുന്നത്, ഈ ക്രിസ്ത്യാനികൾ ആത്മാവ് വസിക്കുന്നതിനാലുള്ള ഫലങ്ങളെ, സ്നേഹം, സന്തോഷം, സമാധാനം, ദീർഘ ക്ഷമ, മുതലായവ ആസ്വദിച്ചിരുന്നു (ഗലാത്യർ 5:22, 23). [15]"ഇക്കോന്യ" എന്ന പേർ ഗ്രീക്ക് വാക്കിനുള്ള "ഇമേജസിൽ" നിന്ന് ("ഇക്കോൺ" എന്നതിന്റെ ഇംഗ്ലീഷ് രൂപമാണ്) വരുന്നു. ഗ്രീക്കിൽ മിത്തോളജി, മഡ് ഇമേജസ് എന്നെല്ലാം ഇക്കോന്യ എന്നതിൽ നിന്ന് വരുന്നതും "വലിയ പ്രളയം" ത്തിനു ശേഷം പുനപ്രചാരത്തിലായിരുന്നു. [16]"ഗ്രീക്കുകാർ" എന്നത് ഗ്രീക്ക് - സംസാരിക്കുന്ന എല്ലാ ജാതികളെയും ആണ് സൂചിപ്പിക്കുന്നത്. [17]ഗ്രീക്കുവാക്കിന്റെ അക്ഷരിക അർത്ഥം "പ്രേരിതരാകുവാൻ നിരസിച്ചു" എന്നാണ് - മറ്റൊരു വിധത്തിൽ, അനുസരണം നിർത്തി വയ്ച്ചു എന്നാണ്. [18]വിശ്വാസവും അനുസരണവും പുതിയ നിയമത്തിൽ മാറി മാറി ഉപയോഗിക്കുന്ന വേദ ഭാഗങ്ങളിൽ നിന്നാണ് യോഹന്നാൻ 3:36 (ഇത് കെ ജെവിയിൽ കാണുന്നില്ല, എന്നാൽ ആധുനിക തർജ്ജിമയിൽ കാണാം). പലപ്പോഴും "വിശ്വാസം" എന്ന വാക്ക് കർത്താവിനോടുള്ള നമ്മുടെ പ്രതികരണത്തെ ഉൾപ്പെടുത്തിയാണ് ഉപയോഗിച്ചിരിക്കുന്നത്. [19]"ഒരു നീണ്ട കാലം" എന്നത് എത്ര നീണ്ടതാണെന്ന് നമുക്ക് അറിഞ്ഞുകൂട. ചുരുങ്ങിയത്, അനേക വർഷങ്ങൾ ആയിരുന്നു. [20]"അപ്പൊസ്തൽസ്" എന്ന വാക്ക് ഇവിടെ പുല്ലിംഗരൂപത്തിലാണ് ഉപയോഗിച്ചിരിക്കുന്നത്.

[21]ലുക്കവോന്യ എന്നത് ഗലാത്യ ദേശത്തിലെ മറ്റൊരു ജില്ല ആയിരുന്നു.